ഗവൺമെന്റ് സ്കൂളുകൾക്ക് മാത്രമായുള്ള ശിപാർശ സമർപ്പിക്കുവാൻ പൊതു വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത ശിപാർശയ്ക്ക് പ്രത്യേകാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സമർപ്പിച്ച കത്ത് പരിശോധിച്ചു വരികയാണ്.

സർക്കാരിന്റെ കാലാവധിക്കകം പൂർത്തീകരിക്കാൻ സാധിക്കുന്ന പദ്ധതികൾ

185 (160) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടങ്ങിവച്ച പദ്ധതികൾ എല്ലാം പൂർത്തീകരിക്കുന്നതിന് ചെലവിനത്തിൽ എത്ര തുക ഇനിയും ആവശ്യമായിട്ടുണ്ട്;

(ബി) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും അതിന് മുമ്പ് തുടർന്ന് വരുന്നതുമായ എത്ര പദ്ധതികൾ പൂർത്തീകരിക്കാൻ ബാക്കി നില്പുണ്ട്; ഇവയെല്ലാം ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിനുള്ളിൽ തീർപ്പാക്കാൻ സാധ്യമാണോ; അതിനാവശ്യമായ തുക തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ടിട്ടുണ്ടോ;

(സി) വകയിരുത്തപ്പെട്ട തുക കൊണ്ട് പൂർത്തീകരിക്കാതെ അവശേഷിക്കുന്ന എത്ര ശതമാനം പദ്ധതികൾ ഈ സർക്കാരിന്റെ കാലാവധിക്കകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ബഡ്ജറ്റുകളിലൂടെ വന്യജീവി സംരക്ഷണം നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ച തുക

186 (161) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും വന്യജീവി സംരക്ഷണം നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി വന്യജീവി സംരക്ഷണത്തിനായി വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ

LIBRARY ARCHIVES Kerala Legislative Assembly